(സി) വ്യാജ്യ സഹകരണസംഘങ്ങൾ കൃത്രിമ രേഖകൾ ഉപയോഗിച്ച് കൈത്തറി റിബേറ്റ് തട്ടിയെടുക്കുന്നതായുള്ള ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും പരിശോധനകൾ നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഇ) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ കൈത്തറി റിബേറ്റ് ഇനത്തിൽ വിതരണം ചെയ്ത തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉദ്ദേശം 1,75,000 കൈത്തറി തൊഴിലാളികൾ സംസ്ഥാനത്ത് ഉണ്ടെന്ന് കണക്കാക്കുന്നു.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) നിലവിലുള്ള സഹകരണസംഘങ്ങൾ കൃത്രിമങ്ങൾ കാണിച്ചതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ഡി) പരാതികൾ ലഭിക്കുന്നമുറയ്ക്ക് ധനകാര്യ പരിശോധനാവിഭാഗം, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ എന്നീ വിഭാഗങ്ങളുടെയും വകുപ്പ്തല അന്വേഷണവും നടത്തിവരുന്നു. അവരുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഇ) 2001-2002-ൽ പ്രാഥമിക കൈത്തറി സഹകരണസംഘങ്ങൾക്ക് 696.51 ലക്ഷം രൂപയും ഹാൻടെക്സിന് 495.25 ലക്ഷം രൂപയും ഹാൻവീവിന് 370.09 ലക്ഷം രൂപയും റിബേറ്റ് ഇനത്തിൽ നൽകി. 2002-2003-ൽ 64.37 ലക്ഷം രൂപ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്കും ഹാൻടെക്സിന് 25.14 ലക്ഷം രൂപയും ഹാൻവീവിന് 56.29 ലക്ഷം രൂപയും 2003-2004-ൽ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് 47.67 ലക്ഷം രൂപയും ഹാൻടെക്സിന് 73.48 ലക്ഷം രൂപയും ഹാൻവീവിന് 28.85 ലക്ഷം രൂപയും റിബേറ്റ് ഇനത്തിൽ അനുദിച്ചിട്ടുണ്ട്.

വികലാംഗ പെൻഷനുള്ള നടപടിക്രമങ്ങൾ

22 [1323] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) സംസ്ഥാനത്ത് വികലാംഗ പെൻഷൻ ലഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിലേക്ക് നിശ്ചിത ഫാറത്തിലുള്ള അപേക്ഷയുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരിൽ മൂകർ, ബുദ്ധി മാന്ദ്യം സംഭവിച്ചവർ, മിനിമം 40% അംഗവൈകല്യമുള്ള മറ്റു വികലാംഗർ, 100% കാഴ്ച ശക്തി നഷ്ടപ്പെട്ട അന്ധർ എന്നിവരിൽ വ്യക്തിഗത വാർഷിക വരുമാനം 3000 രൂപയ്ക്കും കുടുംബ വാർഷിക വരുമാനം 6000 രൂപയ്ക്കും താഴെയുള്ളവർക്കാണ് വികലാംഗ പെൻഷൻ അനുവദിക്കുന്നത്. ഇപ്രകാരം അർഹതയുള്ളവർ പെൻഷൻ അനുവദിച്ചുകിട്ടുന്നതിന് നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ തലവനാണ് നൽകേണ്ടത്.

(ബി) വികലാംഗ പെൻഷന് അപേക്ഷിക്കുന്നതിന് നിശ്ചിത ഫാറത്തിലുള്ള അപേക്ഷയുണ്ട്. ടി ഫോറത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. †

സംസ്ഥാന വനിതാ വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പള കുടിശ്ശിക

23 [1324] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷനിലെ ജീവനക്കാരെ സംബന്ധിച്ച് 28-2-2001-ലെ ജി.ഒ. (എംഎസ്.) നമ്പർ 7/2001/എസ്.ഡബ്ലിയു.ഡി. ഉത്തരവു പ്രകാരം പൂർവ്വകാല പ്രാബല്യത്തോടെ സ്ഥിരപ്പെടുത്തിയിട്ടും പ്രസ്തുത ഉത്തരവിൻ പ്രകാരം ശമ്പള കുടിശ്ശിക നൽകാത്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു;

(സി) ജീവനക്കാരുടെ കുടിശ്ശിക ശമ്പളം നൽകുന്നതിനായി സർക്കാർ നൽകിയ 21-8-2001-ലെ നമ്പർ 4327/ബി3/01 എസ്.ഡബ്ലിയു.ഡി. കത്തും 13-9-2002-ലെ 5365/ബി3/02/എസ്.ഡബ്ലിയു.ഡി. നമ്പർ കത്തും പ്രകാരം നിർദ്ദേശം നൽകിയിട്ടും കോർപ്പറേഷൻ ശമ്പള കുടിശ്ശിക നൽകിയിട്ടില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(ഇ) ഗവൺമെന്റ് തീരുമാനം പുനഃപരിശോധിക്കണം എന്ന് ആവശ്യപ്പെടാൻ ഏതെങ്കിലും സ്ഥാപനത്തിനോ ഉദ്യോഗസ്ഥനോ അധികാരം ഉണ്ടോ;

(എഫ്) ഇല്ലെങ്കിൽ സർക്കാർ ഉത്തരവ് യഥാവിധി നടപ്പാക്കാതിരുന്നതും കാലതാമസം വരുത്തുന്നതുമായ ഉദ്യോഗസ്ഥരുടെ മേൽ സർക്കാർ നടപടി സ്വീകരിക്കുമോ;

(ജി) വനിതാ വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് സർക്കാർ ഉത്തരവിൻ പ്രകാരമുള്ള കുടിശ്ശിക ശമ്പളം നൽകുന്നതിന് മാനേജിംഗ് ഡയറക്ടർക്ക് അടിയന്തിര നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly